പഠനം

നജീബ് മൗലവി



# വഹാബിസം

ഇസ്‌ലാമിക സമൂഹത്തിൽ ഒരു പ്രസ്ഥാനമെന്ന നിലയ്ക്ക് ബിദ്അത്തിന്റെ മാർഗ്ഗത്തിൽ നിലവിലുള്ളത് വഹ്ഹാബിസമാണ്. പലപേരുകളിൽ, വിവിധ നാടുകളിൽ പ്രവർത്തിക്കുന്ന ബിദ്അത്തിന്റെ സംഘങ്ങൾ ഇന്നു പ്രചരിപ്പിക്കുന്നതും വഹ്ഹാബി ചിന്തകളാണ്. വർത്തമാനലോകത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന അൽഖായിദ, ലഷ്കറെ ത്വയ്യിബ പോലുള്ള ജിഹാദീ ഗ്രൂപ്പുകൾപോലും വഹ്ഹാബീസംഘങ്ങളാണെന്നു പറയപ്പെടുന്നു. പല രാഷ്ട്രങ്ങളിലും വഹ്ഹാബീചിന്തകൾ പ്രചരിപ്പിക്കുന്ന സംഘങ്ങളുണ്ട്. ആധുനിക സുഊദി ഭരണകൂടത്തിന്റെ പിറവിയോടെയാണ് വഹ്ഹാബിസത്തിന് ഇങ്ങനെ വ്യാപനമുണ്ടായത്. ലോകമുസ്‌ലിംകളുടെ അഭയകേന്ദ്രമായ മക്കയും മദീനയും ഭൂമിമണ്ണിൽ അധിവസിക്കുന്ന ഏതു മുസ്‌ലിംകളുടെയും തീർത്ഥാടന കേന്ദ്രമാണല്ലോ. അവിടെ സന്ദർശനത്തിനെത്താത്ത, ആത്മാവു കൊണ്ടെങ്കിലും തീർത്ഥാടനം നടത്താത്ത ഒരു സത്യവിശ്വാസിയുമുണ്ടാകില്ല. ഈ രണ്ടുകേന്ദ്രങ്ങൾ പൂർണ്ണമായും സുഊദിഭരണകൂടത്തിന്റെ പിടിയിലമർന്നതോടെയാണു വഹ്ഹാബി ആശയങ്ങളും ചിന്തകളും ഇവ്വണ്ണം പ്രചരിക്കുവാനിടയായത്. മുസ്‌ലിം ഉമ്മത്തിൽ ഇന്നും ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ് ഇതിലാകൃഷ്ടരായിട്ടുള്ളുവെങ്കിലും വഹ്ഹാബിസം ഇന്ന് ആഗോളവ്യാപകമായ ഒരു ബിദ്അത്തു പ്രസ്ഥാനമാണെന്നു പറയാം.

സലഫീ പ്രസ്ഥാനമെന്ന പേരിലാണ് സുഊദി ഭരണകൂടം ഇതിനെ ലോകത്തെങ്ങും പ്രചാരപ്പെടുത്താൻ കൊണ്ടുപിടിച്ചു ശ്രമിക്കുന്നത് അതിപ്പോളും സാധിക്കുന്നില്ല. ചരിത്രത്തിലെ എല്ലാ ബിദഈ പാർട്ടികളുടെയും നില തന്നെയാണ് ഇക്കാര്യത്തിൽ വഹാബികൾക്കും സംഭവിച്ചിട്ടുള്ളത്. സുന്ദരവും ആകർഷകവുമായ പേരുമായാണ് ഏതു ബിദ്അത്തു സംഘങ്ങളും രംഗത്തു വരുക. പക്ഷെ, തങ്ങൾ നല്കുന്ന നാമം സമുദായം തള്ളിക്കളയുകയാണു പതിവ്. സമുദായത്തിലെ മുഖ്യധാരാസമൂഹം എന്നും സുന്നികൾ തന്നെയാണ്. പുത്തൻപാർട്ടികൾക്ക് പാരമ്പര്യസമുദായം നല്കുന്ന 'വട്ടപ്പേരു'കളാണ് വ്യാപകമായി നിലനില്ക്കാറുള്ളത്. ഈ പേരിൽ പറഞ്ഞാലേ നവീന പാർട്ടികൾ തിരിച്ചറിയപ്പെടുകയുമുള്ളൂ. കാലാകാലങ്ങളിലുള്ള ബിദ്അത്തുപാർട്ടികളുടെയും പ്രസ്ഥാനങ്ങളുടെയും പരിതാപകരമായ ഒരു നിലയാണിത്. സമുദായത്തിലെ തറവാട്ടുകാരായ സുന്നികൾ നല്കുന്ന പേരുകൾ കൊണ്ടേ പുത്തൻപാർട്ടികൾ അറിയപ്പെടുകയുള്ളൂ. ഇമാം മാലികുബ്നു അനസ്(റ) ഇക്കാര്യം ഒരു ചോദ്യത്തിനുത്തരമായി വ്യക്തമാക്കിയിട്ടുണ്ട്. "അബാഅബ്ദില്ലാ, ആരാണ് അഹ്ലുസ്സുന്നത്ത്?" എന്ന ചോദ്യത്തിന് ഇമാമിന്റെ മറുപടി ഇങ്ങനെ. "തിരിച്ചറിവിനു വേണ്ടി വാൽനാമവും പ്രാസ്ഥാനിക നാമവും ചേർത്തു വിളിക്കപ്പെടേണ്ടാത്തവരാണ് അഹ്ലുസ്സുന്നത്ത്. ജഹ്മി, റാഫിളി, ഖദ്രി എന്നിങ്ങനെ പ്രാസ്ഥാനികനാമം ചേർത്തു വിളിച്ചാൽ മാത്രം അറിയപ്പെടുന്നവർ അഹ്ലുസ്സുന്നത്തിൽ പെട്ടവരല്ല-ബിദ്അത്തുകാരാണ്." (തർത്തീബുൽ മദാരിക് 1-72). പിറക്കുന്ന കുട്ടിക്ക് പേരിടാനുള്ള അവകാശം പിതാവിനാണെന്ന പോലെ സമുദായത്തിൽ പിറക്കുന്ന ഏതു പാർട്ടികൾക്കും പേരിടാനുള്ള അവകാശം തറവാട്ടുകാരായ സുന്നികൾക്കാണെന്നാണ് ഇതു സംബന്ധിച്ചു ശൈഖുനാ താജുൽഉലമാ കെ.കെ.സ്വദഖത്തുല്ല മൗലവി(ഖു.സി)യുടെ നിരീക്ഷണം. ലക്ഷണക്കേടോടെ പിറവി കൊള്ളുന്ന പാർട്ടികൾക്ക് തിരിച്ചറിവിനായി ഇങ്ങനെ പേരുകൾ നൽകുന്നതും ഇട്ട പേരുകൾ വിളിക്കുന്നതും തെറ്റും കുറ്റ

വുമല്ലെന്ന് ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇരകൾക്ക് അനിഷ്ടകരമെങ്കിലും ഇങ്ങനെ പേർ വിളിക്കൽ നിഷിദ്ധമായ പരദൂഷണമോ ശകാരമോ അല്ല തന്നെ(തുഹ്ഫ: 7-214). അതുകൊണ്ടുതന്നെ, വഹ്ഹാബികളെന്ന് വിളിക്കുന്നതു തങ്ങളെ ചീത്ത വിളിക്കലായി അർ പരാതിപ്പെടേണ്ടതില്ല. പരാതിപ്പെട്ടിട്ടു കാര്യവുമില്ല. സമുദായത്തിൽ ബിദ്അത്തിന്റെ പാർട്ടിയായി പിറവി കൊണ്ടതിന്റെ പേരിൽ അല്ലാഹു അടിച്ചേല്പിച്ച ഒരു നിന്ദ്യതയാണിത്. അന്ത്യനാൾ വരെ ഇതു നിലനിൽക്കും. ബിദ്അത്തുകാർ ഇതു സഹിച്ചേ പറ്റൂ. വഹ്ഹാബികൾ എവിടെ, ഏതുപേരിൽ പ്രത്യക്ഷപ്പെട്ടാലും എന്തു സംഘടനാനാമങ്ങൾ സ്വീകരിച്ചു പ്രവർത്തിച്ചാലും, പിറവി കൊണ്ടകാലത്തു നമ്മുടെ ഇമാമുകളുടെ നാക്കിലൂടെ അല്ലാഹു നല്കിയ വഹ്ഹാബികൾ-വഹാബിസം എന്ന നാമം അവരെ വിട്ടുപിരിയുകയില്ല. മുസ്‌ലിംകൾ എന്ന വിശുദ്ധനാമത്തിൽ അറിയപ്പെടുന്ന മുഖ്യധാരാസമൂഹത്തിൽ നിന്ന് വേർപ്പെട്ടു പോയതിന്റെ പേരിൽ തിരിച്ചറിവിനു വിളിക്കപ്പെട്ട നാമമാണല്ലോ ഇത്. വഹ്ഹാബികൾ പിറവികൊണ്ട കാലത്തു ജീവിച്ച മാലികീമദ്ഹബുകാരനായ പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവ് ഇമാം അഹ്മദ് സ്വാവീ (ഹി:1175-1241) കുറിക്കുന്നു: "ഖുർആനിനെയും സുന്നത്തിനെയും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് സത്യവിശ്വാസികളായ മുസ്‌ലിംകളുടെ രക്തവും ധനവും അനുവദനീയമാക്കുന്ന ഖവാരിജുകൾക്കു തുല്യമായ ഒരു വിഭാഗമാണു വഹ്ഹാബികളെന്ന പേരിൽ അറിയപ്പെടുന്ന ഹിജാസിലുള്ള ഒരു സംഘം. തങ്ങൾ അടിസ്ഥാനമുള്ള ഒരു നിലപാടിന്മേലാണെന്ന് അവർ ധരിക്കുന്നു. യഥാർത്ഥത്തിൽ അവർ കള്ളവാദികളാണ്. പിശാച് അവരെ കീഴടക്കുകയും അല്ലാഹുവിനെക്കുറിച്ച ഓർമ്മ മറപ്പിക്കുകയും ചെയ്തിരിക്കുന്നു. പിശാചിന്റെ സൈന്യമാണവർ. നിശ്ചയം പിശാചിന്റെ കൂട്ടാളികൾ ഇരുലോകവും നഷ്ടപ്പെട്ടവരാണ്. അത്യുദാരനായ അല്ലാഹുവിനോട് അവരുടെ പിന്നൊടിക്കാൻ-വേരോടെ നിശിപ്പിക്കാൻ നാം പ്രാർത്ഥിക്കുന്നു."(ഹാശിയത്തുസ്സ്വാവി 3-288, സൂറ: ഫാത്വിർ)

പ്രസിദ്ധ ശാഫിഈ കർമ്മശാസ്ത്രഗ്രന്ഥമായ തുഹ്ഫയുടെ വ്യാഖ്യാതാവ് ഇമാം അബ്ദുൽ ഹമീദ് ശർവാനി(റ) കുറിക്കുന്നു. "നമ്മുടെ കാലത്ത് 'വഹ്ഹാബികൾ' എന്ന പേരിൽ പ്രസിദ്ധമായ കക്ഷി ഇബ്നുതീമിയ്യയോടു പിൻപറ്റിയ പിഴച്ച സംഘമാണ്." (ഹാശിയത്തുശ്ശർവാനി 4-144.)

ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ പലപേരുകളിൽ പ്രവർത്തിക്കുന്ന സംഘങ്ങളും സംഘടനകളും വഹ്ഹാബികളാണ്. ഉത്തരേന്ത്യയിലെ അഹ്‌ലെഹദീസ്, അന്നദ്‌വ പ്രസ്ഥാനങ്ങൾ ഇതിൽ പെട്ടതാണ്. അറേബ്യയിൽ ഇബ്നുസുഊദ് ഭരണത്തിലൂടെ വഹ്ഹാബിസം സ്വാധീനം നേടിക്കൊണ്ടിരുന്ന കാലത്തും അതിനുശേഷവും ജീവിച്ച നിരവധി ഉത്തരേന്ത്യൻ ഹനഫീ പണ്ഡിതന്മാരെ വഹ്ഹാബീചിന്തകൾ ബാധിച്ചിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്.

അവരുടെ രചനകളിൽ ഇതു തെളിഞ്ഞുകാണാം. എന്നാൽ കേരളത്തിലേക്കുള്ള വഹ്ഹാബിസത്തിന്റെ ആഗമനം നേരിട്ട് സുഊദി അറേബ്യയിൽ നിന്നായിരുന്നില്ല. ഈജിപ്ത്യൻ ത്രിമൂർത്തികളുടെ ഗ്രന്ഥങ്ങളിൽ നിന്നും രചനകളിൽ നിന്നുമാണ് കേരളത്തിൽ ഇതു പകർന്നു കിട്ടിയത്. ജമാലുദ്ദീൻ അഫ്ഗാനി, മുഹമ്മദബ്ദു, റശീദുർരിളാ എന്നിവരുടെ മതയുക്തിവാദ-നിഷേധ ചിന്തകളും പരിഷ്കാരാശയങ്ങളുമാണ് വഹ്ഹാബിസത്തിന്റെ പേരിൽ ഇവിടെ ഇറക്കുമതി ചെയ്യപ്പെട്ടത്. ഇവരാകട്ടെ, സുഊദി വഹ്ഹാബികളുടെ വീക്ഷണത്തിൽ, ഇസ്‌ലാമിനെ നശിപ്പിക്കുന്നതിനു വേണ്ടി രൂപം കൊണ്ട 'മാസൂനിയ്യ'ത്തിൽ പെട്ടവരാണ്. അപ്പോൾ കേരളത്തിലുള്ളവർ കേവലം വഹ്ഹാബികളല്ല. വഹ്ഹാബി-മാസൂനീ ചിന്തകളും അതിനുപുറമെ മുഅ്തസിലീ ആശയങ്ങളും ഒന്നിച്ചു പേറുന്ന വഹ്ഹാബിസമാണ് ഇവിടത്തേത്. കേരള നദ്‌വത്തുൽ മുജാഹിദീൻ, ജമാഅത്തെ ഇസ്‌ലാമി കേരള എന്നീ സംഘടനകൾ ഈ വഹ്ഹാബിസത്തെയാണു പ്രതിനിധാനം ചെയ്യുന്നത്. മൗദൂദീ ചിന്തകൾ അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള പോപ്പുലർ ഫ്രണ്ടും ഈ വഹ്ഹാബിസത്തിന്റെ പ്രചാരകർ തന്നെ.

വഹ്ഹാബിസത്തിന്റെ ആരംഭവും അതിന്റെ പിഴച്ച ചിന്തകളും സംബന്ധിച്ചു സാമാന്യജനത്തിനു മനസ്സിലാകുന്ന രീതിയിലുള്ള ഒരു ചെറിയ പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കേരളവഹ്ഹാബികൾ സുഊദി-ഗൾഫ് വഹ്ഹാബികളിൽ നിന്നു വേറിട്ടു നില്ക്കുന്ന ഭാഗങ്ങളും സ്വാഭാവികമായും ഇതിൽ കടന്നുവരും.

## മുഹമ്മദുബ്നുഅബ്ദിൽ വഹ്ഹാബ്

ആധുനിക സുഊദിഅറേബ്യയുടെ തലസ്ഥാന നഗരിയായ രിയാളി(الرياض)ന്റെ വടക്കുപടിഞ്ഞാറു സ്ഥിതിചെയ്യുന്ന ഉയയ്ന(عيينة)യിൽ ഹി: 1115-ൽ ജനിച്ച ഒരു നജ്ദീപണ്ഡിതനാണ് 'ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ്' (അദ്ദേഹത്തിന്റെയും നജ്ദിന്റെയും ചരിത്രമെഴുതിയ അനുകൂലികളായ ആധുനിക പണ്ഡിതന്മാർ ജനനം 1115-ലാണെന്നതിൽ ഏകോപിച്ചിരിക്കുന്നു. ഹി: 1111-ലാണ് ജനനമെന്നും 1110-ലാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.) ഇദ്ദേഹത്തിലേക്കു ചേർത്തു കൊണ്ടാണ് വഹ്ഹാബിയത്ത്, വഹ്ഹാബീപ്രസ്ഥാനം, വഹ്ഹാബിസം എന്നെല്ലാം പറയുന്നത്. മുഹമ്മദ് എന്നാണ് ഇദ്ദേഹത്തിന്റെ നാമമെങ്കിലും അതിലേക്കു ചേർത്തു 'മുഹമ്മദിയ്യത്ത്' എന്നു വിളിച്ചാൽ തിരിച്ചറിവു നഷ്ടപ്പെടുകയും നബി(സ)തങ്ങളിലേക്കു ചേർത്തതാണെന്നു തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുമല്ലോ. ഇതുകൊണ്ടാണ് 'ഇബ്നുഅബ്ദിൽ വഹ്ഹാബി'ലേക്കു ചേർത്തി വഹ്ഹാബിയ്യ: എന്നു പേർ വിളിക്കപ്പെട്ടത്. തന്റെ പിതാവ് അബ്ദുൽവഹ്ഹാബും പിതാമഹൻ സുലൈമാനും ഹമ്പലീമദ്ഹബിലെ പ്രസിദ്ധമുഫ്തിമാരായിരുന്നു. ഹമ്പലീമദ്ഹബിലെ പില്ക്കാലപണ്ഡിതരിൽ അറിയപ്പെട്ട ഇമാമായ

**തൗഹീദിന്റെ വിഭജനത്തിലും വിശകലനത്തിലുമുള്ള ഇബ്നുതീമിയ്യയുടെ ചിന്തകൾ അദ്ദേഹത്തെ ആകർഷിച്ചു. ഇതി ന്റെ സ്വാധീനവലയിലകപ്പെട്ട ഇബ്നുഅബ്ദിൽ വഹ്ഹാബ് തന്റെ ജന്മദേശത്തും പരിസരത്തുമുള്ള മുസ്ലിംകളെല്ലാം തൗഹീദിൽ നിന്നും ഈമാനിൽ നിന്നും ബഹുദൂരം അകലെയാണെന്നു കണ്ടെത്തി. ഇബ്നുതീമിയ്യയുടെ റൂട്ടിലൂടെ അദ്ദേഹം ഒരു തൗ ഹീദീപ്രസ്ഥാനം കെട്ടിപ്പടുക്കണമെന്നു മനസ്സിലുറച്ചു. ഇതിനായുള്ള പ്രബോധന പ്രവർത്തനങ്ങളിലേക്കു ശ്രദ്ധ തിരിച്ചു.**

ശൈഖ് മൻസൂർ അൽബഹൂതിയുടെ സമകാലികനാണ് പിതാമഹൻ സുലൈമാൻ. ഇവരിരുവരും മക്കയിൽ വച്ചു സന്ധിച്ചിട്ടുണ്ട്.(മജ്മൂഅത്തുർറസാഇൽ വൽ മസാഇൽ അന്നജ്ദിയ്യ: 2-379)

### കുടുംബം

തമീം ഗോത്രത്തിലെ ആലുമുശർറഫ് എന്ന വംശമാണ് ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ കുടുംബം. തന്റെ പത്താം തലമുറയിലെ പിതാമഹനാണ് മുശർറഫ്. നബി(സ)യുടെ പതിനാറാം പിതാമഹനായ ഇൽയാസുബ്നു മുളറിന്റെ പുത്രൻ മുർറിന്റെ മകൻ തമീമിന്റെ മക്കൾ പരമ്പരയാണ് ബനൂതമീം ഗോത്രം എന്നറിയപ്പെടുന്നത്. ഈ ഗോത്രത്തെ പ്രകീർത്തിച്ചുകൊണ്ട് നബി(സ)തങ്ങൾ പറഞ്ഞ വാക്യങ്ങൾ അബൂഹുറൈറ(റ)യെത്തൊട്ട് സ്വഹീഹുൽ ബുഖാരി നിവേദനം ചെയ്യുന്നുണ്ട്. അതിപ്രകാരമാണ്. അബൂഹുറൈറ(റ) പ്രസ്താവിച്ചു. ''മൂന്നു കാര്യങ്ങൾ നബി(സ)യിൽ നിന്നു കേട്ടതു മുതൽ ഞാൻ ബനൂതമീം ഗോത്രക്കാരെ ഇഷ്ടപ്പെടുന്നവനായി. (ഇതിനുമുമ്പ് അവരോളം എനിക്കു ദേഷ്യമുള്ള ഒരു ഗോത്രവുമുണ്ടായിരുന്നില്ല എന്ന ഒരു വാക്യം ഇമാം അഹ്മദിന്റെ റിപ്പോർട്ടിൽ ഇവിടെ കൂടുതലായുണ്ട്.) നബി(സ) ഈ ഗോത്രക്കാരെ സംബന്ധിച്ചു പറയുന്നതായി ഒരിക്കൽ ഞാൻ കേട്ടു. 'അവർ എന്റെ സമുദായത്തിൽ വച്ച് ദജ്ജാലിന്റെ മേൽ ഏറ്റവും കടുത്ത വിഭാഗമാണ്' എന്ന്. അവരുടെ സ്വദഖകൾ വന്നപ്പോൾ നബി(സ)തങ്ങൾ പറഞ്ഞു. 'ഇത് നമ്മുടെ കുടുംബത്തിൽ പെട്ടവരുടെ സ്വദഖയാണ്.' അവരുടെ കൂട്ടത്തിൽ പെട്ട ഒരു ബന്ദിയായ അടിമസ്ത്രീ ആയിശ ബീവിയുടെ അടുത്തുണ്ടായിരുന്നു. നബി(സ)തങ്ങൾ ആഇശ(റ)യോടു പറഞ്ഞു: ആ അടിമസ്ത്രീയെ നീ മോചിപ്പിക്കുക. അവൾ ഇസ്മാഈലിന്റെ മക്കളിൽ പെട്ടവരാണ് എന്ന്(സ്വഹീഹുൽബുഖാരി. ഹദീസ് നമ്പർ: 2543)

ഈ ഹദീസിൽ തമീം ഗോത്രക്കാർക്ക് വ്യക്തമായ പദവിയുണ്ടെന്നും ഇസ്ലാമിനു മുമ്പ് ജാഹിലിയ്യത്തിലും ഇസ്ലാമിന്റെ തുടക്കത്തിലും അവരിൽ ശ്രേഷ്ടന്മാരും നേതാക്കളുമായ ഒരു സംഘം തന്നെയുണ്ടായിട്ടുണ്ടെന്നും ഹാഫിള് ഇബ്നുഹജർ അസ്ഖലാനി(റ) വിശദീകരിച്ചിട്ടുണ്ട്.(ഫത്ഹുൽബാരി 5-131). മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിന്റെ അനുകൂല ചരിത്രകാരന്മാരിൽ ചിലരെല്ലാം അദ്ദേഹത്തിന്റെ കുടുംബത്തെ പുകഴ്ത്താനായി ഈ ഹദീസുദ്ധരിച്ചിട്ടുണ്ട്. ശൈഖ് ഇസ്മാഈൽ മുഹമ്മദ് രചിച്ച 'ഹയാത്തുശ്ശൈഖി മുഹമ്മദിബ്നി അബ്ദിൽ വഹ്ഹാബ്' എന്ന ഗ്രന്ഥവും മറ്റും ഉദാഹരണം.

എന്നാൽ ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെ പ്രതികൂലികൾ അദ്ദേഹത്തിന്റെ കുടുംബ പാരമ്പര്യത്തെപ്പറ്റി ഉദ്ധരിക്കാറുള്ളത് മറ്റൊരു ഹദീസാണ്. അതിങ്ങനെ: അബൂസഈദിനിൽ ഖുദ്രി(റ)യിൽ നിന്നു നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തങ്ങൾ ഒരു സ്വത്ത് വിഹിതം ചെയ്തുകൊണ്ടിരിക്കുന്ന വേളയിൽ ഞങ്ങൾ നബി(സ)യുടെ സമീപത്താണ്. തത്സമയം ദുൽഖുവൈസിറത്ത്(ذو الخويصرة) എന്ന ബനൂതമീം ഗോത്രത്തിലെ ഒരാൾ നബി(സ)തങ്ങളുടെ അടുത്തു വന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ, നീതി പാലിക്കുക. നബി(സ) തങ്ങൾ പറഞ്ഞു: കഷ്ടം! ഞാൻ നീതി പാലിച്ചില്ലെങ്കിൽ മറ്റാരാണു നീതി കാട്ടുക! ഞാൻ നീതി കാണിച്ചില്ലെങ്കിൽ ഞാൻ പരാജയപ്പെട്ടു! നഷ്ടപ്പെട്ടു! ഇതു കേട്ട് ഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, എനിക്കവനിൽ അനുവാദം നല്കുക. ഞാനവന്റെ പിരടി വെട്ടാം. നബി(സ) പറഞ്ഞു: അവനെ വിട്ടേക്കുക. അവനു കുറച്ചു കൂട്ടാളികളുണ്ട്. അവരുടെ നിസ്കാരവും നോമ്പുമായി തട്ടിച്ചുനോക്കുമ്പോൾ നിങ്ങളുടെ നമസ്കാരവും നോമ്പും നിങ്ങളിലാർക്കും നിസ്സാരമായി തോന്നും. അവർ ഖുർആൻ പാരായണം ചെയ്യും. എന്നാൽ അവരുടെ തൊണ്ടക്കുഴിക്കപ്പുറം വിട്ടുകടക്കുകയില്ല.(ഖൽബിൽ പ്രവേശിക്കുകയില്ല). ദീനിൽ നിന്ന് അവർ പുറപ്പെടും. വേട്ടമൃഗത്തിൽ നിന്ന് അമ്പ് പുറപ്പെടുംപ്രകാരം....... ഈ വിഭാഗത്തിനെ തിരിച്ചറിയാനുള്ള അടയാളം ഒരു കറുത്ത മനുഷ്യനാണ്. അയാളുടെ രണ്ട് തോളൻകൈകളിലൊന്ന് സ്ത്രീയുടെ മുല പോലെയാണ്-ഒരു മാംസക്കഷ്ണം പോലെ. അതിങ്ങനെ ആടിക്കളിച്ചു കൊണ്ടിരിക്കും. ജനങ്ങളിൽ ചേരിതിരിവുണ്ടാകുന്ന സമയത്താണ് ഈ വിഭാഗം വെളിപ്പെടുക. റിപ്പോർട്ടറായ അബൂസഈദ്(റ) പറയുന്നു: ഈ ഹദീസ് ഞാൻ നബി(സ)യിൽ നിന്നു കേട്ടതാണെന്ന് ഉറച്ചു പ്രഖ്യാപിക്കുന്നു. അലിയ്യുബ്നു അബീത്വാലിബ്(റ) ഇവരോടാണു യുദ്ധം ചെയ്തതെന്നും ഞാൻ ഉറച്ചു

പ്രഖ്യാപിക്കുന്നു. ഞാനും അലിയാരോടൊപ്പമായിരുന്നു. യുദ്ധാനന്തരം അലി(റ) മേൽപറഞ്ഞയാളെ അന്വേഷിച്ചു കണ്ടെത്താൻ നിർദ്ദേശിച്ചു. അങ്ങനെ അയാളെ കൊണ്ടുവരപ്പെട്ടു. നബി(സ) പറഞ്ഞ അതേരൂപത്തിൽ ഞാനയാളെ കണ്ടു."(സ്വഹീഹുൽബുഖാരി ഹദീസ്നമ്പർ:3610).

ഈ ഹദീസിൽ പറയപ്പെട്ട ദുൽഖുവൈസിറത്തും കൂട്ടാളികളും അലി(റ)യുടെ ഭരണകാലത്തു സ്വഹാബത്തിനെതിരെ ഖവാരിജുകളായി രംഗത്തു വന്നു. അവരുടെ അടയാളമായി നബി(സ)തങ്ങൾ പറഞ്ഞ ഒരു തോളൻകൈ മുല പോലെയുള്ള വ്യക്തിയെ അവരുടെ കൂട്ടത്തിൽ വീണു കിടക്കുന്നതായി സ്വഹാബികൾ കണ്ടെത്തുകയും ചെയ്തു. ഇതാണ് അബൂസഈദ്(റ) ഹദീസിന്റെ അവസാനത്തിൽ ഉറപ്പിച്ചു പ്രഖ്യാപിച്ചത്. ഈ വിഹിതംവപ്പു സംഭവം അലി(റ) പ്രവാചക സന്നിധിയിലേക്കു കൊടുത്തയച്ച ഒരു ചെറിയ സ്വർണ്ണക്കട്ടിയുടെ കാര്യത്തിലാണ് നടന്നത്. ആ സ്വർണ്ണം നബി(സ)തങ്ങൾ അഖ്റഅ്(اقرع), ഉയയ്ന(عيينة), സൈദ്(زيد), അൽഖമ(علقمة) എന്നീ നാലു പേർക്കിടയിലാണു വിഹിതം ചെയ്തത്. ഖുറൈശികൾക്കും അൻസ്വാറുകൾക്കും ഇതിൽ ദേഷ്യമുണ്ടായി. "നജ്ദുകാർക്കു കൊടുക്കുന്നു; നമ്മളെ ഒഴിവാക്കുകയും ചെയ്യുന്നു" എന്ന് അവരിൽ ചിലർ അഭിപ്രായപ്പെട്ടു. നബി(സ)പറഞ്ഞു: ഞാൻ ഈ പുതുവിശ്വാസികളെ ഇണക്കിയെടുക്കുകയാണ്. ഇതിനു ശേഷമാണ് ഉപര്യുക്ത ഹദീസിൽ പറഞ്ഞ ദുൽഘുവൈസിറത്തിന്റെ വരവെന്ന് ആ റിപ്പോർട്ടിലുണ്ട്. അതിന്റെ അവസാനഭാഗം ഇങ്ങനെയാണ്. ഇയാൾ പിന്തിരിഞ്ഞപ്പോൾ നബി പറഞ്ഞു: 'ഇയാളുടെ മുതുകിൽ നിന്ന്-പിൻതലമുറയിൽ ഒരുകൂട്ടം ആളുകൾ വരുന്നുണ്ട്. അവർ ഖുർആനോതും. പക്ഷേ, അവരുടെ തൊണ്ടകൾക്കപ്പുറം വിട്ടുകടക്കുകയില്ല. ഉരുവിൽ നിന്ന് അമ്പ് പുറപ്പെടുംപോലെ ദീനിൽ നിന്ന് അവർ പുറപ്പെടും. ഇസ്ലാമിന്റെയാളുകളെയാണ് ഇവർ വധിക്കുക. വിഗ്രഹാരാധകരെ ഇവരൊഴിവാക്കുകയും ചെയ്യും. ഞാൻ അവരെ എത്തിച്ചിരുന്നെങ്കിൽ ആദ് ഗോത്രക്കാർ കൊല്ലപ്പെട്ടതുപോലെ-ഒരെണ്ണം ശേഷിക്കാത്ത വണ്ണം-ഞാനവരെ കൊല്ലുമായിരുന്നു."(സ്വഹീഹുൽബുഖാരി ഹദീസ് നമ്പർ: 3344).

ഈ ഹദീസുകളിൽ പറയപ്പെട്ട നബിയുടെ നീതിയെ ചോദ്യം ചെയ്തയാൾ ദുൽഖുവൈസിറത്ത് ആണെന്നും അയാൾ തമീം ഗോത്രക്കാരനാണെന്നും ഹദീസിൽ തന്നെ വ്യക്തമായുണ്ടല്ലോ. നബി(സ)യുടെ കാലത്ത് ഗ്രാമീണനായ ഒരു സ്വഹാബി പള്ളിയിൽ മൂത്രമൊഴിച്ച സംഭവമുണ്ടായി. അദ്ദേഹത്തിന്റെ പേരും ദുൽഖുവൈസിറത്ത് എന്നാണ്. അതുപക്ഷേ, ഈ ദുൽഖുവൈസിറത്തല്ല. അദ്ദേഹം ദുൽഖുവൈസിറത്തിൽ യമാനി(റ) ആണെന്നും അത് മറ്റൊരാളാണെന്നും സ്വഹാബിയാണെന്നും ഹാഫിള് ഇബ്നുഹജർ അസ്ഖലാനി(റ) തന്റെ 'അൽഇസ്വാബ'യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇമാം ഇബ്നുഹജർ ഹൈതമി(റ)യുടെ തുഹ്ഫ:യിൽ പള്ളിയിൽ മൂത്രമൊഴിച്ച സ്വഹാബി ദുൽഖുവൈസിറത്തിത്തമീമി ആണെന്നു വീണുപോയിട്ടുണ്ടെങ്കിലും.

അപ്പോൾ ബനൂതമീം.ഗോത്രക്കാരനായ ദുൽഖുവൈസിറത്തിന്റെ പിന്മുറക്കാരായി പിറക്കുന്ന ഒരു സംഘത്തെക്കുറിച്ച് നബി(സ)തങ്ങൾ മുന്നറിയിപ്പു നല്കിയതാണു മേൽഹദീസുകളിലുള്ളത്. ഇവരെ സ്വഹാബികൾക്കു തിരിച്ചറിയാൻ നബി(സ)തങ്ങൾ പറഞ്ഞുകൊടുത്ത അടയാളം അലി(റ)യുടെ കാലത്ത് പ്രത്യക്ഷപ്പെടുകയും ഖവാരിജാണ് ഈ വിഭാഗമെന്നു തെളിയുകയും ചെയ്തിട്ടുണ്ടെങ്കിലും, ഇതേ സ്വഭാവത്തിലുള്ള-ഖുർആൻ ഖൽബിൽ കടക്കാത്ത, വിഗ്രഹാരാധകരെ വിട്ട് മുസ്ലിംകളെ കാഫിറുകളെന്നു വിളിച്ച് വധിക്കുന്ന-വിഭാഗം അന്നത്തോടെ അവസാനിക്കുകയില്ലെന്നും അവർ അന്ത്യനാൾ വരെ നിലക്കൊള്ളുമെന്നും ഹദീസിന്റെ മറ്റു റിപ്പോർട്ടുകളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. സമുദായത്തിൽ വരാനിരിക്കുന്ന ഈ പ്രകൃതക്കാരായ കപടന്മാരുടെ 'അവസാനത്തെ തലമുറ മസീഹുദ്ദജ്ജാലിന്റെ കൂടെയായിരിക്കും' എന്നു തന്നെ നബി(സ)തങ്ങൾ വ്യക്തമായി പ്രസ്താവിച്ചത് ഹദീസിന്റെ ഒരു റിപ്പോർട്ടിലുണ്ട്(ബുഖാരി). അപ്പോൾ ഇതു തമീം ഗോത്രത്തിൽ സംഭവിക്കുന്ന ഒരു ദൗർബ്ബല്യമാണ്. ആ ഗോത്രത്തിലെ സത്യവിശ്വാസികളുടെ പൊതു നിലപാടിന് അപവാദമായി വരുന്നവരാകും ഈ വിഭാഗമെന്നു പറയേണ്ടതില്ല. ഇതരഗോത്രക്കാരുടെ വിശ്വാസവും ആചാരവുമായി കഴിഞ്ഞുകൂടുന്നവരെക്കുറിച്ച് ദുൽഖുവൈസിറത്തിന്റെ പിൻഗാമികളായി മേൽ പ്രകൃതത്തിൽ വരാനിരിക്കുന്നുവരെന്ന് പ്രത്യേകം പറയുന്നതിൽ അർത്ഥമില്ലല്ലോ. പൊതുനിലപാടുകാരെക്കുറിച്ച് ഇങ്ങനെ വിശേഷിപ്പിക്കുകയുമില്ല. ഖവാരിജുകൾക്കു ശേഷം അതേ സ്വഭാവത്തിൽ -നിസ്കാരത്തിലും നോമ്പിലുമെല്ലാം കവിഞ്ഞ ഭക്തി കാട്ടുന്ന, മുസ്ലിംകളെ കാഫിറാക്കുന്ന പ്രകൃതത്തിൽ- തമീം ഗോത്രക്കാരിൽ പിറന്നത് മുഹമ്മദുബ്നു അബ്ദിൽവഹ്ഹാബും അനുയായികളുമാണെന്നും ഈ ഹദീസുകൾ അവരുടെമേലിൽകൂടി ചുമത്താമെന്നും പ്രതികൂലികളായ ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

## നജ്ദിനെക്കുറിച്ചും

ഗോത്രത്തെപ്പോലെത്തന്നെ ഇബ്നു അബ്ദിൽ വഹ്ഹാബ് പിറന്ന സ്ഥലത്തെക്കുറിച്ചും എതിരാളികൾക്കു പറയാനുണ്ട്. മദീനയിൽ നിന്ന് കിഴക്കായി ഉയർന്നു നില്ക്കുന്ന പ്രദേശങ്ങളെ മദീനക്കാർ നജ്ദ് എന്നാണു പറയുക. ഇറാഖിന്റെ ഭാഗത്തുള്ള പ്രദേശങ്ങളും നാട്ടിൻപുറങ്ങളുമടക്കം മൊത്തമായാണ് ഇതു കൊണ്ടുദ്ദേശ്യം. ഇബ്നു അബ്ദിൽ വഹ്ഹാബ് പിറന്ന ഉയയ്നയും തന്റെ പ്രബോധന പ്രവർത്തനങ്ങൾ നടന്ന ദർഇയ്യ, ജുബൈല, ഹുറൈമിലാ, അൽഅഹ്സാ, രിയാള് തുടങ്ങിയ പ്രദേശങ്ങളുമെല്ലാം മദീനയിൽ നിന്നു കിഴക്കുള്ള നജ്ദിൽ പെട്ടതാണ്. നബി(സ)തങ്ങൾ മദീനയുടെ വടക്കും തെക്കുമുള്ള ശാം, യമൻ പ്രദേശങ്ങൾക്കു ബറക

ത്തുകൊണ്ടു ദുആ ചെയ്തപ്പോൾ(اللهم بارك لنا في شامنا اللهم بارك لنا في يمننا)നജ്ദിന് പ്രാർത്ഥന ഒഴിവാക്കി. 'وفي نجدنا-നമ്മുടെ നജ്ദിലും'-എന്നു സ്വഹാബത്ത് മൂന്നു പ്രാവശ്യത്തെ ദുആയിലും ചേർത്തു പറയാനാവശ്യപ്പെട്ടപ്പോൾ മൂന്നാം പ്രാവശ്യം നബി(സ)തങ്ങൾ, 'അവിടെ ഭൂകമ്പങ്ങളും കുഴപ്പങ്ങളുമുണ്ടാകുമെന്നും പിശാച് കൊമ്പുയർത്തുന്നത് അവിടെയായിരിക്കുമെന്നും' പ്രസ്താവിച്ചു. ഇങ്ങനെ സ്വഹീഹുൽ ബുഖാരി(ഹദീസ് നമ്പർ: 7094)റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഈ ഹദീസിന്റെ വ്യാഖ്യാനത്തിൽ ഹാഫിള് ഇബ്നു ഹജർ(റ) ഉദ്ധരിക്കുന്നു: "അന്ന് ആ ഭാഗത്തുള്ളവർ അവിശ്വാസികളായിരുന്നു. അങ്ങനെയാണ് ആ ഭാഗത്തുനിന്നാണു കുഴപ്പമുണ്ടാകുക എന്നു നബി(സ)തങ്ങൾ പ്രവചിച്ചത്. അപ്രകാരം തന്നെയാണു സംഭവിച്ചതും. ഒന്നാമത്തെ കുഴപ്പം തന്നെ ഈ ഭാഗത്തുനിന്നാണ് ഉടലെടുത്തത്. മുസ്ലിം സമുദായത്തിൽ ഇതു ചേരിതിരിവിനു നിമിത്തമായി. പിശാച് ഇഷ്ടപ്പെടുകയും സന്തോഷിക്കുകയും ചെയ്യുന്ന കാര്യമാണല്ലോ ഇത്. അപ്രകാരം തന്നെ ബിദ്അത്തുകളും-പുത്തൻചിന്തകൾ-ആ ഭാഗത്തുനിന്നു തന്നെയാണ് ഉടലെടുത്തത്." (ഫത്ഹുൽബാരി 13-39) ഇബ്നു ഹജറി(റ)ന്റെ കാലം വരെയുള്ള ബിദ്അത്തുകൾ സംബന്ധിച്ചാണ് അദ്ദേഹം പറഞ്ഞത്. അതിനു ശേഷമുള്ള ബിദ്അത്തുകളും-ഹി:12-ാം നൂറ്റാണ്ടിൽ ഉടലെടുത്ത വഹ്ഹാബിസമടക്കം-നജ്ദിൽ നിന്നാണു പൊട്ടിപ്പുറപ്പെട്ടതെന്നും അല്ലാഹുവിന്റ ഈ തീരുമാനവുമായി ഇടയാതിരിക്കുന്നതിനാണു നബി(സ)തങ്ങൾ നജ്ദിൽ ബറകത്തിനു വേണ്ടി ദുആ ചെയ്യാതിരുന്നതെന്നും വഹ്ഹാബി പ്രസ്ഥാനത്തിന്റെ പ്രതികൂലികൾ സമർത്ഥിക്കുന്നു. ഇതര പ്രദേശങ്ങളിലുള്ള സത്യവിശ്വാസികളുടെ പൊതുനിലപാടുകളിൽ നിന്നു ഭിന്നമായ പുത്തൻചിന്തകൾ വച്ചുപുലർത്തുന്നവർ മാത്രമാണ് ഈ ഹദീസുകളിൽ വിവക്ഷിക്കപ്പെടുന്നതെന്നു വ്യക്തമാണല്ലോ. അതിനാൽ ഹി: 12-ാം നൂറ്റാണ്ടിൽ പൊതുസമൂഹത്തിന്നപവാദമായി നജ്ദിൽ നിന്നു പൊട്ടിപ്പുറപ്പെട്ട വഹ്ഹാബിസവും ഹദീസിൽ പറഞ്ഞ ഫിത്നകളിൽ ഉൾപ്പെട്ടതായി വ്യാഖ്യാനിക്കാവുന്നതാണ്.

ചുരുക്കത്തിൽ, അനുകൂലികളും പ്രതികൂലികളും ഒന്നടങ്കം സമ്മതിക്കുന്ന 'ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബി'ന്റെ കുടുംബവും പ്രദേശവും സംബന്ധിച്ചു തിരുനബി(സ)യുടെ തിരുനാക്കിലൂടെ ആക്ഷേപവും താക്കീതും സ്ഥിരപ്പെട്ടിട്ടുണ്ടെന്നതു സത്യമാണ്. വഹ്ഹാബീപ്രസ്ഥാനത്തെ സംബന്ധിച്ച പ്രവചനങ്ങളായി എതിരാളികൾ ഇതിനെ എടുത്തുകാട്ടുന്നതിൽ ന്യായവുമുണ്ട്. എന്തുകൊണ്ടെന്നാൽ, ശാമിലെയും യമനിലെയും സത്യവിശ്വാസികളെപ്പോലെ വിശ്വാസാചാരങ്ങൾ സ്വീകരിക്കുന്ന നജ്ദുകാരുടെയും തമീം ഗാത്രക്കാരുടെയും കാര്യത്തിൽ ഈ ഹദീസുകൾ ഫിറ്റാകുകയില്ലല്ലോ. ഇതര നാട്ടുകാരെയും ഗോത്രക്കാരെയും പോലെത്തന്നെയാണല്ലോ ഇവരുടെ ദീനീനിലാപാട്. അപ്പോൾ അതിനു വിരുദ്ധമായും അപവാദമായും പുത്തൻ നിലപാടു സ്വീകരിച്ചവരുടെ കാര്യത്തിൽ മാത്രമാണ് പ്രസ്തുത ഹദീസുകളിലെ ദൂഷണവും ആക്ഷേപവും യോജ്യമാകുകയുള്ളു. മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബാകട്ടെ "ജസീറത്തുൽ അറബിൽഅ (റേബ്യൻ ഉപദ്വീപ്) ആയിരത്തിലധികം വർഷക്കാലം തീർത്തും അപ്രത്യക്ഷമായിരുന്ന തൗഹീദും വിശ്വാസവുമാണു സ്ഥാപിച്ചെടുത്തതെ"ന്ന് അദ്ദേഹത്തിന്റെ അനുകൂല ചരിത്രകാരന്മാരെല്ലാം രേഖപ്പെടുത്തുന്നു(ഉദാ: മുഹമ്മദ് ബഹ്ജ:അൽഅഥരിയുടെ 'മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് തൗഹീദിന്റെ മഹാപ്രബോധകൻ' എന്ന ഗ്രന്ഥം പേ: 52). ഇസ്ലാമിക സമൂഹത്തിൽ പഴയകാലത്ത് ഉടലെടുത്ത ബിദ്അത്തു പ്രസ്ഥാനങ്ങളെല്ലാം മദീനയുടെ കിഴക്കു ഭാഗത്ത് ഇറാഖും പരിസരപ്രദേശങ്ങളും വരെ നീണ്ടുകിടക്കുന്ന നജ്ദിൽ നിന്നു പിറവിയെടുത്തതാണെന്നത് നജ്ദിനെ പഴിക്കുന്ന ഹദീസിന്റെ വ്യാഖ്യാനമായി മുഹദ്ദിസുകൾ ചൂണ്ടിക്കാട്ടിയതുപോലെ, അതേ നജ്ദിൽ നിന്നു പുറപ്പെട്ട വഹ്ഹാബീപ്രസ്ഥാനത്തിന്റെ കാര്യത്തിലും ഈ ഹദീസിനെ ചുമത്താവുന്നതാണ്. അപ്രകാരം പ്രവാചക പത്നിമാരുടെ റൂമുകൾക്കു പിന്നിൽ വന്ന് നബിയെ അപമര്യാദയായി വിളിച്ചതിന്റെ പേരിലും നബി(സ)യുടെ സന്തോഷവാർത്ത സ്വീകരിക്കാതെ തള്ളിക്കളഞ്ഞതിന്റെ പേരിലും തമീമി ഗോത്രക്കാർക്കെതിരെ പ്രവാചകർ(സ) അനിഷ്ടം പ്രകടിപ്പിച്ചതായി ഹദീസിൽ സ്ഥിരപ്പെട്ടതുപോലെ(സ്വഹീഹുൽബുഖാരി ഫത്ഹുൽബാരി സഹിതം 8-68 നോക്കുക) നബിയെ നീതിയുടെ പേരിൽ കുറ്റപ്പെടുത്തിയ ദുൽഖുവൈസിറത്തിന്റെ മുതുകിൽ നിന്നു പിറവി കൊള്ളുന്ന തമീമികളുടെ കാര്യത്തിലും തമീം ഗോത്രക്കാർക്ക് നബി(സ)യിൽ നിന്ന് അപമാനം തന്നെയാണു സ്ഥിരപ്പെട്ടിട്ടുള്ളത്. തമീം ഗോത്രക്കാരനെന്ന പേരിൽ ഈ അപമാനത്തിന്റെ വാക്യങ്ങൾ ശൈഖ് മുഹമ്മദിന്റെ പേരിലും പ്രതികൂലികൾ ഉന്നയിക്കുന്നതിനെ തള്ളിക്കളയാൻ മാർഗ്ഗമില്ലെന്നു ചുരുക്കം.

## പഠനവും യാത്രകളും

പ്രാഥമികമായി മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് തന്റെ പിതാവ് അബ്ദുൽവഹ്ഹാബിൽ നിന്നു തന്നെയാണു പഠിച്ചത്. പിതാവും പിതാമഹൻ സുലൈമാനും ഹമ്പലീമദ്ഹബിലെ പ്രശസ്ത പണ്ഡിതന്മാരും മുഫ്തിമാരുമായിരുന്നുവെന്ന് മുമ്പു കുറിച്ചിട്ടുണ്ട്. പിതാമഹൻ സുലൈമാനുബ്നു അലി ഉയയ്നയിലെ ഖാളിയായിരുന്നു. അക്കാലത്ത് നജ്ദിലെ ഭരണകൂടങ്ങളിൽ ശക്തമായിരുന്നു ഉയയ്ന: പിതാമഹനു ശേഷം പിതാവ് അബ്ദുൽവഹ്ഹാബ് അവിടെ ഖാളിയായി. ഹമ്പലീമദ്ഹബുകാരായ ഈ രണ്ടു പണ്ഡിതന്മാരും പരമ്പരാഗത വിശ്വാസികളായ സുന്നികളായിരുന്നു. അവരിൽ നിന്നു പഠിച്ച കാലത്ത് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബും പാരമ്പര്യസുന്നി തന്നെ.

പിതാവിൽ നിന്നുള്ള പഠനത്തിനു ശേഷം അ

*ശേഷം പേജ് 48-ൽ*